Class No. : ..................................

Name : ..........................................

**2008**

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2022**

Part – II

Time : 2 $\frac{1}{2}$ Hours

# മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് രണ്ട് ഉത്തരം വീതം എഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

1. ദയാബായിക്ക് ചേരാത്ത പ്രസ്താവനകൾ ഏതൊക്കെ ?
   - രാഷ്ട്രീയ നേതാവാണ്.
   - സാമൂഹിക പ്രവർത്തകയാണ്
   - നർത്തകിയാണ്
   - ആദിവാസികളെ സംഘടിപ്പിച്ചു.

2. പടയണി എന്ന നാടൻ കലാരൂപത്തിന്റെ സവിശേഷതകൾ ഏവ ?
   - ഭഗവതിക്കാവുകളിലാണ് അവതരിപ്പിക്കുന്നത്
   - ഇതൊരു ക്ലാസിക്കൽ കലയാണ്.
   - മധ്യ തിരുവിതാംകൂറിലെ കലാരൂപമാണ്.
   - കൊട്ടാരക്കരത്തമ്പുരാനാണ് ഇതിന്റെ ഉപജ്ഞാതാവ്.

3. ഗബ്രിയേൽ ഗാർസിയ മാർക്വെസിന് യോജിക്കുന്ന പ്രസ്താവനകൾ എടുത്തെഴുതുക.

- മാജിക്കൽ റിയലിസമാണ് ഇഷ്ട രചനാ സങ്കേതം.
- മാഡ്രിഡാണ് ജന്മദേശം
- നോബൽ സമ്മാന ജേതാവാണ്.
- യൂറോപ്യൻ എഴുത്തുകാരനാണ്.

4. 'കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസു കുട്ടിലാക്കി പൊതിയാൻ തുടങ്ങി' – ഈ വാക്യം കൊണ്ടുദ്ദേശിക്കുന്നതെന്തൊക്കെ ?

- ദിവാകരൻ മരിച്ചു കഴിഞ്ഞിരിക്കുന്നു.
- പച്ചമനുഷ്യനെപ്പോലും പൊതിഞ്ഞു വിൽക്കാൻ മടിക്കാത്ത ഒന്നാണ് വിപണി.
- ദിവാകരൻ ഉയരം കുറഞ്ഞ മനുഷ്യനാണ്.
- ദിവാകരൻ ഒരു പ്രതിമയാണ്.

5. തിരസ്കൃതനായിട്ടാണ് ഞാൻ ജനിച്ചതും വളർന്നതും കലാമണ്ഡലം ഹൈദരലി ഇങ്ങനെ പറയാൻ കാരണമെന്ത് ?

- അച്ഛൻ പാട്ടുകാരനായതിനാൽ
- ബാപ്പ നേരത്തേ മരിച്ചുപോയതിനാൽ
- കലാമണ്ഡലത്തിൽ ചേർന്നതിനാൽ
- വികൃത രൂപിയായതിനാൽ

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വിതം. (3 × 2 = 6)**

6. പുലിക്കോട്ടിൽ ഹൈദരുടെ മറിയക്കുട്ടിയുടെ കത്ത് എന്ന മാപ്പിളപ്പാട്ട് സ്ത്രീപക്ഷ രചനയാണെന്ന് പറയാൻ കാരണമെന്ത് ?

7. 'വെറുമൊരു മോഷ്ടാവായോരെന്നെ കള്ളനെന്നു വിളിച്ചില്ലേ ?' – മോഷണം എന്ന കവിതയിലെ ഈ വരികൾ ധ്വനിപ്പിക്കുന്നതെന്തൊക്കെ ?

8. കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുലനാഥൻ (കൊള്ളിവാക്കല്ലാതൊന്നും)
– ഇതിലെ കുറവറ്റീടിന എന്ന വാക്കിൽ പരിഹാസഭാവമുണ്ടോ ? എന്തുകൊണ്ട് ?

9. ക്ഷുഭിതനായി നിൽക്കുന്ന കാട്ടാളന്റെ കണ്ണിനെയും പുരികത്തെയും എന്തിനോടൊക്കെയാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

**10 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

10. ശാസ്ത്രവിഷയങ്ങൾ പഠിക്കുന്നവർ മാതൃഭാഷ പഠിക്കേണ്ടതില്ല എന്ന ധാരണയെ തിരുത്തുന്നതാണോ മലയാളപഠനത്തെക്കുറിച്ചുള്ള ഇ.സി.ജി. സുദർശന്റെ അഭിപ്രായം ? വിശദമാക്കുക.

11. എന്തൊക്കെ പറഞ്ഞാണ് ശകുന്തളയെ ദുഷ്ഷന്തൻ ആക്ഷേപിക്കുന്നത് ?

12. ശ്രീനാരായണഗുരുവിന്റെ ദൈവദശകം എന്ന കവിതയെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കുക.

13. കാക്കാരിശ്ശി നാടകത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് പാഠഭാഗമായി കൊടുത്തിരിക്കുന്ന കാക്കാരിശ്ശിപ്പാട്ടിൽ തെളിയുന്നത് ?

14. ബാഹുകൻ നളൻ തന്നെയെന്ന് ദമയന്തിക്ക് മനസ്സിലായതെങ്ങനെ ?

15. ഭർത്താവിൽ നിന്ന് എന്തെല്ലാം ബുദ്ധിമുട്ടുകളാണ് ശിലാവതിക്ക് അനുഭവിക്കേണ്ടി വന്നത് ? കൊള്ളിവാക്കല്ലാതൊന്നും എന്ന പാഠഭാഗത്തെ മുൻനിർത്തി വിശദമാക്കുക.

16. കിശോരിലാലിന്റെ വർഗ്ഗത്തിന് അഹന്ത ഇപ്പോഴുമുണ്ട് – ഈ വാക്യത്തിന് ഗൗളിജന്മം എന്ന കഥയിലുള്ള പ്രസക്തിയെന്തെന്ന് വ്യക്തമാക്കുക.

**17 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4 × 6 = 24)**

17. ദുഷ്ഷന്തന് ശകുന്തള നൽകുന്ന മറുപടി എല്ലാക്കാലത്തും പ്രസക്തമായ സാമൂഹിക വിമർശനമായി മാറുന്നുണ്ടോ ? കണ്ണാടി കാൺമോളവും എന്ന പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

18. നിരാശയിൽ നിന്ന് പ്രത്യാശയിലേക്ക് വളരുന്ന കവിതയാണോ, കടമ്മനിട്ടയുടെ കിരാതവൃത്തം ? കവിത വിശകലനം ചെയ്ത് കുറിപ്പെഴുതുക.

19. മരണത്തിന് തൊട്ടുമുമ്പ് ഒരാളുടെ മനസ്സിൽ സംഭവിക്കുന്ന കാര്യങ്ങളാണ് അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ ആവിഷ്കരിക്കുന്നത് – ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദമാക്കുക.

20. എന്തൊക്കെ തടസ്സങ്ങൾ മറികടന്നാണ് കലാമണ്ഡലം ഹൈദരലി വളർന്നു വന്നത് ? പദത്തിന്റെ പഥത്തിൽ എന്ന പാഠഭാഗത്തെ മുൻ നിർത്തി വിശദമാക്കുക.

21. കേരളീയത, നാട്ടമൊഴി എന്നിവയാണ് പുലിക്കോട്ടിൽ ഹൈദരുടെ മാപ്പിളപ്പാട്ടുകളുടെ പ്രധാനസവിശേഷതകൾ – എം.എൻ. കാരശ്ശേരിയുടെ ഈ നിരീക്ഷണത്തിന് പറ്റിയ എന്തൊക്കെ തെളിവുകളാണ് നിരത്താനാവുക ?

DITTO WS

**താഴെകൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

മലബാറിലെ ശ്രീനാരായണഗുരു എന്നറിയപ്പെടുന്ന നവോത്ഥാന നായകനാണ് വാഗ്ഭടാനന്ദൻ. അദ്ദേഹത്തിന്റെ യഥാർത്ഥനാമം കുഞ്ഞിക്കണ്ണൻ എന്നായിരുന്നു. ആലത്തൂർ സ്വാമി ബ്രഹ്മാനന്ദ ശിവയോഗിയാണ് വാഗ്ഭടാനന്ദൻ എന്ന പേരു നൽകിയത്. അദ്വൈത ദർശനത്തിന്റെ വലിയൊരു വക്താവായിരുന്നു വാഗ്ഭടാനന്ദൻ. 1921ൽ അദ്ദേഹം ആരംഭിച്ച പത്രമാണ് അഭിനവ കേരളം. കോഴിക്കോട്ട് 1906ൽ തത്വപ്രകാശിക എന്ന സംസ്കൃതപഠനകേന്ദ്രം ആരംഭിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിലും അദ്ദേഹം തരംഗം സൃഷ്ടിച്ചു. വാഗ്ഭടാനന്ദൻ സ്ഥാപിച്ച ആത്മവിദ്യാ സംഘത്തിന്റെ പ്രകടന പത്രികയായി കരുതപ്പെടുന്ന പുസ്തകമാണ് അധ്യാത്മയുദ്ധം. പ്രീതിഭോജനം നടത്തിയും ചരിത്രം സൃഷ്ടിച്ചു അദ്ദേഹം. എട്ടേമട്ട് എന്ന അനാചാരം നിർത്തലാക്കാൻ പരിശ്രമിച്ചവരിൽ പ്രധാനിയായിരുന്നു അദ്ദേഹം. ഉണരുവിൻ അഖിലേശ്വരനെ സ്മരിപ്പിൻ ക്ഷണമെഴുന്നേൽപിൻ അനീതിയോടെതിർപ്പിൻ എന്ന് ആഹ്വാനം ചെയ്ത ആ ബാലഗുരു 1939 ഒക്ടോബർ 29 ന് അന്തരിച്ചു.

22. ഏത് അനാചാരം നിർത്തലാക്കാനാണ് വാഗ്ഭടാനന്ദൻ പരിശ്രമിച്ചത് ?

23. അധ്യാത്മയുദ്ധം എന്ന ഗ്രന്ഥത്തിന്റെ സവിശേഷതയെന്ത് ?

24. മുകളിൽക്കൊടുത്ത ഗദ്യഭാഗത്തിന് ഉചിതമായ തലക്കെട്ടിടുക.

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഓന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെടുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

25. ജന്മനാടിനോടുള്ള മുറിച്ചുമാറ്റാനാവാത്ത ഹൃദയബന്ധമാണോ ടോട്ടോയുടെയും ജോവലിന്റെയും പ്രവൃത്തികളിൽ തെളിയുന്നത് ? പ്രകാശം ജലം പോലെയാണ് എന്ന കഥ വിശകലനം ചെയ്ത് കുറിപ്പെഴുത്തുക.

26. അധികാരിവർഗ്ഗത്തിന്റെ ജീർണതകളെ മറച്ചുപിടിച്ച് അവർക്ക് സ്തുതിപാടുക എന്ന ധർമ്മമാണോ അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിലെ വിദൂഷകൻ നിർവഹിക്കുന്നത് ? വിശദമാക്കുക.

27. നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും. പക്ഷെ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല പെണ്ണുങ്ങളെകൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട് – സ്ത്രീയെകുറിച്ചുള്ള പരമ്പരാഗത ധാരണയെ തിരുത്തികുറിക്കുന്നതാണോ പെൺഗൗളിയുടെ ഈ വാക്കുകൾ ? ഗൗളിജന്മം എന്ന കഥയെ മുൻനിർത്തി വിശദമാക്കുക.

---